കേരള വാട്ടർ അതോറിറ്റി (37,54,00,000 രൂപ)

ചീഫ് എഞ്ചിനീയർ പ്രോജക്ട് -2 (4,58,81,387 രൂപ)- ആകെ കുടിശ്ശിക തുക (74,50,97,438 രൂപ)

(സി) കുടിശ്ശിക കൊടുത്തു തീർക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ആവശ്യമായ നടപടി സ്വികരിക്കുന്നതാണ്.

തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

58 (2156) ശ്രീ. ഡൊമനിക് പ്രസന്റേഷൻ :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തണ്ണീർമുക്കം ബണ്ട് പൂർണ്ണമായും ഷട്ടറുകളുടെ അടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നത് സംബന്ധിച്ചുള്ള ചെന്നൈ ഐ.ഐ.ടി.യുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു ;

(ബി) ഇതനുസരിച്ച് തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) തണ്ണീർമുക്കം ബണ്ട് പൂർണ്ണമായും ഷട്ടറുകളുടെ അടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നത് സംബന്ധിച്ച് ചെന്നൈ ഐ.ഐ.റ്റി. യുടെ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. പഠനം നടത്തി റിപ്പോർട്ട് നൽകാൻ 2011 ഫെബ്രുവരി വരെ സമയം നൽകിയിട്ടുണ്ട്.

ഡാമിൽ നിന്നുള്ള അനധികൃത മണൽവാരൽ

59 (2157) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കണ്ണൂർ ജില്ലയിലെ കാട്ടാമ്പള്ളി ഡാമിൽ നിന്നും അനധികൃതമായി മണൽ വാരി വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധമായി എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ : ഉണ്ടെങ്കിൽ ' വിശദാംശം അറിയിക്കുമോ ;

(സി) മണൽവാരൽ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാട്ടാമ്പള്ളി ഡാമിൽ നിന്നും അനധികൃതമായി മണൽ വാരുന്നത് ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly